VI. പ്രത്യേക പരാമർശം

ശ്രീ. പി. ടി. തോമസ്: സർ, പ്രധാനപ്പെട്ട ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ്.....

മി. സ്പീക്കർ: എന്താണ് കാര്യം, special mention എന്നു പറയുന്നത് നമ്മുടെ സഭയുടെ സ്വഭാവമനുസരിച്ച് Rule 304 അനുസരിച്ച് എഴുതിത്തരാം. ഇങ്ങനെ ഓരോരുത്തരും അപ്പപ്പോൾ എഴുന്നേറ്റു പറഞ്ഞാൽ എങ്ങനെ ശരിയാകും? 11.30 AM]

ശ്രീ. പി. ടി. തോമസ്: Rule 249 അനുസരിച്ചാണ് ഈ സഭയിലെ രണ്ട് അംഗങ്ങളായ ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. പി. കെ. ഗുരുദാസൻ, മുൻ എം. പി ശ്രീ. തലേക്കുന്നിൽ ബഷീർ, ശ്രീ. ബി. ആർ. ബി. ഭാസ്ക്കർ, ശ്രീ. കെ. എം. റോയി, പ്രമുഖ പത്ര പ്രവർത്തകനായ ശ്രീ. എൻ. എൻ. സത്യവ്രതനടക്കം എല്ലാ രാഷ്ട്രീയ പാർട്ടിയിലും, പൊതുപ്രവർത്തകരിലും, സാഹിത്യകാരൻമാരിലുമടക്കമുള്ള ഒരു ബഹുസമൂഹത്തെ ബഹിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ദീപിക പത്രം കേരളം മുഴുവൻ അയച്ചിരിക്കുന്ന ഒരു സർക്കുലറാണ് എന്റെ കയ്യിലിരിക്കുന്നത്. ആറുമാസം മുൻപ് എം. എൽ. എ. എന്ന നിലയിൽ എന്നെ ബഹിഷ്കരിക്കണമെന്ന് പറഞ്ഞു ദീപിക പത്രം. എന്റെ പേരോ പടമോ ഒന്നും കൊടുക്കില്ല. ഇതിനകത്ത് ഒരു വാക്കുമാത്രം പറയാം *Attention:*—Avoid the following persons makes in the positive news, negative news കൊടുക്കാമെന്നാകും. photo captions and other published materials, avoid any positive news items about them and their photographs from all our publications anti-Deepika speakers. Thiruvananthapuram— Shri P. K. Gurudasan, Shri Thalekkunnil Basheer, Shri C. Divakaran, Shri B. R. B. Bhaskar, Shri M. S. Anilkumar.....കേരളത്തിന്റെ, രാജ്യത്തിന്റെ, ലോകത്താകമാനമുള്ള ചരിത്രത്തിൽ, പത്രമാരണ നിയമം നടപ്പാക്കിയിരുന്ന കാലത്തുപോലും ഇത്രയും വൃത്തികെട്ട നടപടി ഉണ്ടായിട്ടില്ല. ജോസ് പട്ടാഴ എന്ന ഒരു അബ്ക്കാരി വൈദിക ശ്രേഷ്ഠൻമാർ നടത്തിവന്നിരുന്ന പത്രം പിടിച്ചെടുത്തിട്ട് അതിന്റെ തലപ്പത്തിരുന്നുകൊണ്ട് കാണിക്കുന്ന വൃത്തികേടുകളാണിത്. ഞാനടക്കമുള്ള ഈ സഭയിലെ മൂന്നംഗങ്ങളെ ബഹിഷ്കരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ശ്രീ. ബി. ആർ. ബി. ഭാസ്ക്കർ, ശ്രീ. കെ. എം. റോയി, ശ്രീ. എൻ. എൻ. സത്യവ്രതൻ എന്നിവരെപ്പോലുള്ള പത്ര പ്രവർത്തകരെ ബഹിഷ്കരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഇത് ഏത് നാടാണ്? ഇതേ സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അക്കാര്യം പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly